പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3050 — 21/06/2013-ൽ മറുപടിയ്ക്ക്

## കൃഷി വകുപ്പിന്റെ പുതിയ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. കെ. ബഷീർ | കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കൃഷി വകുപ്പിന് കീഴിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | എ) കൃഷി വകുപ്പിന് കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) നിറവ് - സമഗ്ര കാർഷിക വികസന പദ്ധതി നടപ്പു സാമ്പത്തിക വർഷം 30 നിയോജക മണ്ഡലങ്ങളിൽ കൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.<br>2) കർഷകർക്ക് വൈദഗ്ദ്ധ്യം നേടിയ തൊഴിലാളികളുടെ സേവനം ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് കാർഷിക കർമ്മസേന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.<br>3) സംസ്ഥാനത്തെ ആയിരം കൃഷി ഭവനുകളിൽ മാതൃകാ കൃഷിത്തോട്ട പദ്ധതി എന്ന സംയോജിത കാർഷിക വികസന പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു.<br>4) മാതൃകാ ഹൈടെക് ഹരിത ഗ്രാമ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു.<br>5) ഉൽപാദന സംഘടനകളും കർഷക മാർക്കറ്റുകളും എന്ന പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു.<br>6) തെങ്ങിൽ നിന്നും നീര ഉല്പാദനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്.<br>7) ജൈവ കൃഷിക്ക് കേരള ബ്രാൻഡ് എന്ന പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു.<br>8) കൃഷിക്കാർക്ക് വേണ്ടിയുള്ള സമഗ്ര വിള ഇൻഷുറൻസ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു.<br>9) പച്ചക്കറി-പൂക്കൾ-പഴവർഗ്ഗങ്ങൾ എന്നിവയ്ക്ക് ടെക്നോളജി സെന്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| ബി) | അവയിൽ ഏറനാട് മണ്ഡലത്തിൽ നിന്നുമുള്ള ഏതൊക്കെ പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ; | ബി) | എല്ലാ മണ്ഡലങ്ങളിലും പ്രയോജനം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കും. |
| സി) | ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | |

**സെക്ഷൻ ഓഫീസർ**